# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 10**

---

## എം.ജി സർവകലാശാലയിലെ എൻ.എസ്.എസിന് ഇനി പ്രഫഷണൽ നാടൻ പാട്ടു സംഘവും

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം പ്രഫഷണൽ നാടൻപാട്ടു സംഘം രൂപീകരിക്കുന്നു. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾക്കായി നടത്തിയ നാടൻപാട്ടു മത്സരത്തിൽ പങ്കെടുത്തവരിൽ 20 വിദ്യാർഥികളെ ഇതിനായി തിരഞ്ഞെടുത്തു.*

*ഇവർക്ക് പ്രത്യേക പരിശീലനം നൽകിയശേഷമായിരിക്കും പരിപാടികൾ അവതരിപ്പിച്ചു തുടങ്ങുക. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ എൻ.എസ്.എസ് സംഘടിപ്പിക്കുന്ന പരിപാടികളിൽ വിദ്യാർഥികളുടെ കലാസംഘത്തിന് അവസരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ പറഞ്ഞു.*

*കോളജ് തലത്തിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായ 11 ടീമുകളാണ് സർവകലാശാലാതല നാടൻ പാട്ടു മത്സരങ്ങളിൽ മാറ്റുരച്ചത്. എറണാകുളം മഹാരാജാസ് കോളജ് ടീം ഒന്നാം സ്ഥാനം നേടി. തൃക്കാക്കര കെ.എ.എം കോളജിനും കാലടി ശ്രീശങ്കരാ കോളജിനുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ മത്സരം ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ. ഇ.എൻ. ശിവദാസൻ, ഡോ. തോമസ് വർഗീസ്, ഡോ. കെ.എ. മഞ്ജുഷ, കോളജുകളിലെ പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.*

*നേരത്തെ വിവിധ കോളജുകളിലെ വോളണ്ടിയർമാരെ ഉൾപ്പെടുത്തി 4500 പേരടങ്ങുന്ന ദുരന്ത നിവാരണ സേനയ്ക്ക് രൂപം നൽകിയ എം.ജി സർവകലാശാലാ എൻ.എസ്.എസ് നിർധന കുടുംബങ്ങൾക്ക് വീടു നിർമിച്ചു നൽകുന്ന സ്നേഹവീട് പദ്ധതിയുടെ പ്രവർത്തനങ്ങളിലും സജീവമാണ്.*

ഫോട്ടോ ക്യാപ്ഷൻ..

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാഷണൽ സർവീസ് സ്കീം സംഘടിപ്പിച്ച നാടൻ പാട്ടു മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ എറണാകുളം മഹാരാജാസ് കോളജ് ടീം സർവകലാശാലയിലെ എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസനൊപ്പം.*

*(പി.ആർ.ഒ/39/826/2024)*

## ഡി.എസ്.എസ് കോ-ഓർഡിനേറ്റർമാരുടെ യോഗം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഫിലിയേറ്റഡ് കോളജുകളിലെ ഡിഎസ്എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ വാർഷിക യോഗം രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡിഎസ്എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ അധ്യക്ഷത വഹിച്ചു.*

*സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ് മുഖ്യപ്രഭാഷണം നടത്തി. സെനറ്റ് അംഗം. എം എസ് സുരേഷ്, സെക്ഷൻ ഓഫീസിർ ഡോ. ആന്റണി ജോസഫ്, സുജിൻ രാജ്, ഗണേഷ് ദേവ്, ടി.കെ. ഉമാദേവി എന്നിവർ സംസാരിച്ചു. ഡിഎസ്എസ് ലഘുലേഖ സി.ജി. മഞ്ജുഷയ്ക്ക് നൽകി ഡയറക്ടർ പ്രകാശനം ചെയ്തു.*

*(പി.ആർ.ഒ/39/827/2024)*

### പരീക്ഷാതീയതി

*നാലാം സെമസ്റ്റർ എംഎസ്സി,എംഎ,എംകോം സിഎസ്എസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷകൾ ഒക്ടോബർ നാലു മുതൽ നടക്കും.*

.................................

*മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ,ബികോം, സിബിസിഎസ്എസ്, (2012 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് 2024) പരീക്ഷകൾ ഒക്ടോബർ 23 മുതൽ നടക്കും.*

*(പി.ആർ.ഒ/39/828/2024)*

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

*എൽഎൽബി പ്രോഗ്രാമുകളുടെ അവസാന മെഴ്സി ചാൻസ് പരീക്ഷകൾക്ക് ഒക്ടോബർ 21 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ 22നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 23നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/829/2024)*

### വൈവ വോസി

*പത്താം സെമസ്റ്റർ ബിആർക്ക് (2019 അഡ്മിഷൻ റെഗുലർ, 2014 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഓഗസ്റ്റ് 2024) പരീക്ഷയുടെ തീസിസ് മൂല്യനിർണയം ആന്റ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 25,26,27 എന്നീ തീയതികളിലായി നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/830/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ